**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4429 | 17.05.2017 ൽ മറുപടിയ്ക്ക് |
|---|---|
| **അങ്കൻവാടികളിൽ ഭക്ഷണവിതരണത്തിൽ നഗര-ഗ്രാമ വ്യത്യാസം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.അബ്ദുൽ ഹമീദ് പി** | **ശ്രീമതി.കെ.കെ.ഷൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അങ്കൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണത്തിലും ഇനത്തിലും അളവിലും നഗര-ഗ്രാമ വ്യത്യാസമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;<br><br>(ബി) ഭക്ഷണ വിതരണത്തിൽ നഗര-ഗ്രാമ വ്യത്യാസം നിലനിൽക്കുന്നതായ പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണത്തിലും ഇനത്തിലും അളവിലും നഗര-ഗ്രാമ വ്യത്യാസമില്ല. സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കുന്ന ഐ.സി.ഡി.എസ് കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. അങ്കണവാടികൾ വികേന്ദ്രീകൃതാസൂത്രണ പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതാണ്. 06 മാസം മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് 500 കലോറിയും 12-15 ഗ്രാം വരെ പ്രോട്ടീനും, ഗുരുതര പോഷകാഹാര കുറവുള്ള കുട്ടികൾക്ക് 800 കലോറിയും 20-25 ഗ്രാം വരെ പ്രോട്ടീനും, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് 600 കലോറിയും 18-20 ഗ്രാം വരെ പ്രോട്ടീനും അടങ്ങുന്ന ഭക്ഷണ പദാർത്ഥങ്ങൾ നൽകുന്നതിനാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇതു പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക ഭക്ഷണ ക്രമത്തിന്റെ അടിസ്ഥാനത്തിൽ മേൽ വിവരിച്ച കലോറി ലഭിക്കത്തക്ക വിധം ആഹാര സാധനങ്ങൾ അംഗൻവാടികളിൽ നൽകി വരുന്നു. ഇതിന് ഗ്രാമ-നഗര വ്യത്യാസമില്ല.<br><br>06 മാസം മുതൽ 3 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് അമൃതം ന്യൂട്രിമിക്സ് ആണ് നൽകി വരുന്നത്. 100 ഗ്രാം ന്യൂട്രിമിക്സിൽ ഗോതമ്പ് 45 ഗ്രാം, കടല 15 ഗ്രാം, കപ്പലണ്ടി 10 ഗ്രാം, സോയ 10 ഗ്രാം, പഞ്ചസാര 15 ഗ്രാം എന്നിവ അടങ്ങിയിരിക്കുന്നു. ഇത് ദിവസം 135 ഗ്രാം കണക്കിൽ 25 ദിവസത്തേയ്ക്ക് ടേക്ക് ഹോം റേഷൻ ആയി വീടുകളിലേയ്ക്ക് കൊടുത്തു വിടുന്നു. |

| | |
|---|---|
| | അംഗൻവാടികളിൽ പഠിക്കുന്ന 03 വയസ്സുമുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് രാവിലെ പാല്, മുട്ട, എള്ളുണ്ട, കപ്പലണ്ടി മിഠായി മുതലായവയിൽ ഏതെങ്കിലും മോണിംഗ് സ്നാക്സായും, കഞ്ഞി, പച്ചക്കറി ചേർത്ത ചോറ്, കഞ്ഞിയും പയറും ഇവയിലേതെങ്കിലും ഉച്ചയ്ക്കും, ഉപ്പുമാവ്, പായസം, പുലാവ് തുടങ്ങിയവയിലേതെങ്കിലും വൈകുന്നേരവും ജനറൽ ഫീഡിംഗ് ആയി നൽകുന്നു. പ്രാദേശിക ഭക്ഷണ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഭക്ഷണ സാധനങ്ങൾക്ക് വ്യത്യാസം വരാറുണ്ട്. 06 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് 6.00 രൂപയും ഗുരുതര പോഷകഹാര കുറവുള്ള കുട്ടികൾക്ക് 9.00 രൂപയും, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് 7.00 രൂപയുമാണ് പോഷകാഹാരത്തിനായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ഇതിന്റെ 50% തുക സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് നിലവിലുള്ള വ്യവസ്ഥ. എന്നാൽ കേന്ദ്ര സർക്കാർ നിർദ്ദേശത്തിൽ പറയുന്നതിനേക്കാൾ കൂടുതൽ തുകയാണ് സംസ്ഥാന വിഹിതമായി തദ്ദേശ സ്ഥാപനങ്ങൾ ചെലവഴിക്കുന്നത്. ഒരു കുട്ടിക്ക് 20 മുതൽ 25 രൂപ വരെ ഓരോ തദ്ദേശ സ്ഥാപനങ്ങളും ചെലവഴിക്കുന്നുണ്ട്. |
| (സി)അടിസ്ഥാന സൗകര്യ വികസനത്തിലും പോഷകാഹാരവിതരണത്തിലും നഗര-ഗ്രാമ വ്യത്യാസങ്ങളില്ലാതെ തുല്യനീതി ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) അടിസ്ഥാന സൗകര്യ വികസനം, പോഷകാഹാര വിതരണം എന്നിവ വികേന്ദ്രീകൃതാസൂത്രണത്തെ തുടർന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതാണ്. കേന്ദ്ര സർക്കാർ മാനദണ്ഡം പാലിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ നഗര-ഗ്രാമ വ്യത്യാസങ്ങളില്ലാതെ തുല്യനീതി ഉറപ്പാക്കിയാണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ